**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4818** **20-07-2022 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഹെർബർട്ട് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഹെർബർട്ട് പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലും നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സ്ഥലമേറ്റെടുക്കൽ നടപടികളിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലും നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്നും എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (ബി) | ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിനായി ബന്ധപ്പെട്ട സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം 17/06/2022 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിലേക്കുള്ള ആനുഷാംഗിക തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ഈ പ്രവൃത്തിക്ക് 6.48 ആർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കിഫ്ബിയിൽ നിന്നും ആനുഷാംഗിക തുക ലഭ്യമാകുമ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പ്രസ്തുത തുക ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുവാനാകും. LAR ആക്ട് 2013 പ്രകാരമുള്ള തുടർ നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പരിശോധനക്ക് ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ